പെരുങ്കടവിള പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

140. [135] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പെരുങ്കടവിള പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണി എത്രമാത്രം പുരോഗമിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) അത് എന്ന് പൂർത്തിയാക്കി ശുദ്ധജലവിതരണം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 20-5-1985-ൽ ആരംഭിച്ചു.

(ബി) ഈ പദ്ധതിക്കുവേണ്ടി 60% ഡിസ്ട്രിബ്യൂഷൻ ലൈൻ സിന്റെ പണി പൂർത്തിയായിട്ടുണ്ട്. പമ്പ് ഹൗസിന്റെയും ഇൻഫിൽട്രേഷൻ ഗാലറിയുടെയും പണി നടന്നുകൊണ്ടിരിക്കുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം പണി പൂർത്തിയാക്കി ശുദ്ധജലവിതരണം തുടങ്ങുന്നതാണ്.

കരകുളം പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

141. [186] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരകുളം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചിട്ട് എത്ര കാലമായി ;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും ?

ഉത്തരം

(എ) 31-12-1984-ൽ ആരംഭിച്ചു.

(ബി) 1986 നവംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അകലകുന്നം, കൊഴുവനാൽ, മുത്തോലി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതി

142. [187] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അകലകുന്നം, കൊഴുവനാൽ, മുത്തോലി എന്നീ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി എന്നു നടപ്പിലാക്കുവാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly